(ബി) ഇത് സ്വാശ്രയ കോളേജിലെ മെറിറ്റ് സീറ്റിലെ ഫീസിനെക്കാൾ 1.22 ലക്ഷം രൂപ അധികമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; അല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് എത്രയെന്ന് പറയാമോ ;

(സി) ഒരു കോളേജിൽ എസ്.സി.-എസ്.ടി.വിഭാഗങ്ങളിൽ നിന്ന് ഏഴു കുട്ടികളെങ്കിലും ഉണ്ടാകുമെന്നിരിക്കെ സർക്കാരുമായി കരാർ ഒപ്പിട്ട പതിനൊന്നു കേളേജുകളിലെ പ്രസ്തുത കുട്ടികൾ പഠനം പൂർത്തിയാക്കുമ്പോൾ 4.69 കോടി രൂപ സ്വാശ്രയ കോളേജുകൾക്ക് സർക്കാകർ നൽകേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) എങ്കിൽ മറ്റു കുട്ടികളിൽ നിന്ന് വ്യത്യസ്തമായി എസ്.സി/എസ്. ടി. വിഭാഗത്തിലെ കുട്ടികൾക്ക് ഇത്ര ഉയർന്ന ഫീസ് ഘടന നിശ്ചയിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) സർക്കാരാണ് ഫീസ് നൽകുന്നതെന്നതിനാൽ കുട്ടികളെ ഇതു ബാധിക്കില്ലെന്നിരിക്കെ ഇപ്രകാരമുള്ള ഫീസ് ഘടന എന്തുകൊണ്ടാണ് നിശ്ചയിച്ചിരിക്കുന്നത് എന്നറിയിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ്

101 (550§) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് നൽകുന്നത് ആരാണ് ;

(ബി) ഒരു വിദ്യാർത്ഥിയുടെ പഠനത്തിനായി പ്രതിവർഷം എത്ര രൂപയാണ് പ്രസ്തുത കോളേജുകളിൽ ഫീസിനത്തിൽ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിലും സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ഈയിനത്തിൽ പ്രതിവർഷം ഓരോ വിദ്യാർത്ഥിക്കു നൽകുന്ന ഫീസ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ അദ്ധ്യായനവർഷം മുതൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് പഠിക്കുന്ന എസ്.സി/എസ്.റ്റി വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെറിറ്റിലും റിസർവേഷനിലും പ്രവേശനപരീക്ഷ, കമ്മീഷണർ പ്രവേശനം നൽകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് സർക്കാരാണ് നൽകുന്നത്.

(ബി) സർക്കാരുമായി ഉടമ്പടി വച്ചിട്ടുള്ള മെഡിക്കൽ കോളേജുകൾക്ക് വിവിധ നിരക്കിലുള്ള ഫീസാണ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചു നൽകിയിരിക്കുന്നത്. ഏകീകൃത നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ 6-7-2009-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സ.ഉ. (സാധാ.) നമ്പർ 1898/09/പജപവവിവ. പ്രകാരം നിശ്ചയിച്ചിട്ടുള്ള പരമാവധി തുകയായ 2,60,000 രൂപ വരെ അനുവദിച്ചു നൽകുന്നു.

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫീസിനത്തിൽ 20,000 രൂപയും സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2,60,000 രൂപയും അനുവദിച്ചു നൽകുന്നു.

(ഡി) വർദ്ധിപ്പിച്ചിട്ടില്ല.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

102 (5507) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാമാണ്ടിൽ അന്നത്തെ സർക്കാർ നിയമിച്ച നരേന്ദ്രൻ കമ്മീഷൻ സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നരേന്ദ്രൻ കമ്മീഷൻ ഓരോ ജാതിയിലുംപെട്ട എത്ര സർക്കാർ ജീവനക്കാർ ഉണ്ടെന്നാണ് കണക്കാക്കിയിരുന്നത് ;

(സി) പ്രസ്തുത കണക്കനുസരിച്ച് ഓരോ ജാതിയുടെയും സർക്കാർ സർവ്വീസിലെ പ്രാതിനിധ്യകുറവ് കണ്ടെത്തിയിരുന്നോ ;

(ഡി) ഉണ്ടെങ്കിൽ അത് വിശദമാക്കാമോ ;

(ഇ) 2000-ാമാണ്ടിലെ ബഡ്ജറ്റ് അനുസരിച്ച് സംസ്ഥാനത്ത് എത്ര സർക്കാർ ജീവനക്കാർ ഉണ്ടായിരുന്നു ;

(എഫ്) കമ്മീഷൻ റിപ്പോർട്ടനുസരിച്ച് എത്ര ജീവനക്കാരുടെ എണ്ണത്തിൽ നിന്നാണ് ജാതി തിരിച്ചുള്ള കണക്ക് കണ്ടെത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly